പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 205 — 26/09/2011 ൽ മറുപടിക്ക്

## ഒരു രൂപ അരി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ് | ശ്രീ. ടി.എം.ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഒരു രൂപ അരി വിതരണം ബി.പി.എൽ. കാരായ ചുമന്ന കാർഡുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കുമോ ; | (എ) നിലവിൽ 84% എ.പി.എൽ കാർഡുടമകൾക്ക് (42.86 ലക്ഷം) രണ്ട് രൂപ നിരക്കിൽ അരി ഏപ്രിൽ മാസം മുതൽ വിതരണം നടത്തി വരുന്നുണ്ട്, ഇതു കൂടാതെ 14.61 ലക്ഷം ബി.പി.എൽ കാർഡുടമകൾക്ക് കിലോയ്ക്ക് ഒരു രൂപ നിരക്കിൽ സെപ്തംബർ ഒന്ന് മുതൽ 25 സഴ അരി വീതവും 5.96 ലക്ഷം എ.എ.വൈ. കാർഡുടമകൾക്ക് 35 സഴ അരി വീതവും പ്രതിമാസം നൽകി വരുന്നുണ്ട്. ഈ പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷം സബ്സിഡി ഇനത്തിൽ ഏകദേശം 650 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നുണ്ട്. സബ്സിഡി ഇനത്തിൽ വരുന്ന ഉയർന്ന സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്താണ് ഒരു രൂപ അരി വിതരണം ബി.പി.എൽ വിഭാഗക്കാർക്കായി പരിമിതപ്പെടുത്തിയത്. |
| (ബി) മുപ്പത്തിമൂന്ന് ലക്ഷം പേർക്ക് ഒരു രൂപ അരി വിതരണം നടത്തുമെന്ന നിയസഭയിലെ വെളിപ്പെടുത്തൽ പിൻവലിച്ചോ ; | (ബി) പുതിയ ബി.പി.എൽ.ലിസ്റ്റിൽ ഏകദേശം 32.29 ലക്ഷം കുടുംബങ്ങൾ ഉൾപ്പെടുന്നതായാണ് അറിയുന്നത്. ഈ ലിസ്റ്റ് ഔദ്യോഗികമായി അംഗീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് ബി.പി.എൽ ലിസ്റ്റിൽപെടുന്ന എല്ലാവർക്കും ഒരു രൂപ നിരക്കൽ അരി നല്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | എ.പി.എൽ വിഭാഗത്തിന് നൽകി വന്ന അരി വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | മണ്ണെണ്ണ വിതരണം കാർഡുടമകൾക്ക് നാല് ലിറ്റർ എന്നത് രണ്ട് ലിറ്റർ ആയി കുറവ് ചെയ്തിട്ടുണ്ടോ ; | (ഡി) | വൈദ്യുതീകരിച്ച കാർഡുളളവർക്ക് 2011 മേയ് വരെ 2 ലിറ്റർ മണ്ണെണ്ണ നല്കിയിരുന്നത് ഇപ്പോൾ മണ്ണെണ്ണയുടെ കേന്ദ്ര വിഹിതത്തിൽ വന്ന കുറവിന്റെ അടിസ്ഥാനത്തിൽ 1.5 ലിറ്ററായി ചുരുക്കിയിട്ടുണ്ട്. വൈദ്യുതീകരി-ക്കാത്ത കാർഡുളളവർക്ക് 5 ലിറ്റർ എന്നതിൽ കുറവു വരുത്തിയിട്ടില്ല്. |
| (ഇ) | സ്കൂൾ കുട്ടികൾക്ക് നൽകി വന്ന അഞ്ച് കിലോ അരി പദ്ധതി നിറുത്തലാക്കിയോ ; | (ഇ) | ഇല്ല. |
| (എഫ്) | അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ റേഷൻ കാർഡ് നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (എഫ്) | മതിയായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നവർക്ക് അന്നു തന്നെ റേഷൻ കാർഡ് വിതരണം ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.